LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 31-12-2014 വരെ ലഭ്യമായിട്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുൾപ്പെടെ 31-12-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,28,095.05 കോടി രൂപയാണ്. കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപ്പാദനപരമായ ആവശ്യങ്ങൾക്കു മായിട്ടാണ് ചെലവഴിക്കുന്നത്.

(സി) ഈ സർക്കാരിന്റെ കാലത്ത് കടബാദ്ധ്യതയിൽ 49421.81 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ആയത് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന കടബാദ്ധ്യതയായ 78673.24 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 62.82% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

കേരള സംസ്ഥാന സംരംഭക മിഷൻ

115 (461) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സംരംഭക മിഷന്റെ കീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ; എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടി യിട്ടുള്ളത് ; എത്ര രൂപ ചെലവഴിച്ചു ; ജില്ല തിരിച്ച് വിശദാംശം നൽകാമോ ;

(ബി) സംരംഭകർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് നല്കിവരുന്നത് ; ഓരോ സംരംഭത്തിനും എത്ര രൂപ വീതമാണ് സഹായം നൽകുന്നത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) 31-1-2011-ലെ കണക്കുകൾ പ്രകാരം 600 സംരംഭങ്ങൾ പൂർണ്ണമായും 164 സംരംഭങ്ങൾ ഭാഗികമായും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1811 പേർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടിയിട്ടുള്ളത്. 80,84,08,000 രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു. 31-12-2014-ലെ കണക്കുകൾ പ്രകാരം 39,72,63,426 രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചു :

ജില്ല	സംരംഭങ്ങൾ	സംരംഭകർ	വായ്പ അനുവദിച്ച തുക (തുക ലക്ഷത്തിൽ)
തിരുവനന്തപുരം	130	317	1412.89
കൊല്ലം	23	40	225.36
പത്തനംതിട്ട	18	38	173.32
കോട്ടയം	54	134	646.53
ആലപ്പുഴ	31	61	249.6
എറണാകുളം	102	234	1094.74
ഇടുക്കി	63	144	603.72
തൃശ്ശൂർ	21	43	201.07
മലപ്പുറം	97	259	1141.74
പാലക്കാട്	39	76	343.54
കോഴിക്കോട്	72	167	752.36
വയനാട്	37	92	374
കണ്ണൂർ	50	142	574.97
കാസർഗോഡ്	27	64	290.25
മൊത്തം	764	1811	8084.08

(ബി) ജില്ലാതല സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന സംരംഭങ്ങൾക്ക് നോഡൽ ഏജൻസിയായ കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ ഗ്രാമീണ സ്വയം തൊഴിൽ പരിശീലനകേന്ദ്രത്തിൽ (RSETI)വച്ച് 13 ദിവസത്തെ സംരംഭകത്വ പരിശീലനം നൽകിവരുന്നു. ഒരു സംരംഭകന് 4 ലക്ഷം രൂപ എന്ന കണക്കിൽ ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ നൽകുന്നത്. ടെക്നോക്രാറ്റിന് 10 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. (ടെക്നോക്രാറ്റ്- എഞ്ചിനീയറിംഗ് ബിരുദ ധാരികൾ, മൂന്നു വർഷത്തെ എഞ്ചിനീയറിംഗ് ഡിപ്ലോമായുള്ളവർ, മൃഗഡോക്ടർമാർ ഉൾപ്പെടെ വൈദ്യശാസ്ത്രരംഗത്തെ സമസ്ത വിഭാഗം ഡോക്ടർമാർക്കും അവരവർക്ക് പ്രാവീണ്യമുള്ള പ്രവർത്തന മേഖലയിൽ സംരംഭങ്ങൾ തുടങ്ങാൻ, ചാർട്ടേർഡ് അക്കൗണ്ടന്റും കോസ്റ്റ് & മാനേജ്മെന്റ് അക്കൗണ്ടുകളും, പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുമുള്ള എം.ബി.എ. ബിരുദധാരികൾ.)

LIBRARY ARCHIVES Kerala Legislative Assembly